**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1474** **04-07-2022 - ൽ മറുപടിയ്ക്ക്**

**അൺസർവേയ്ഡ് ലാൻഡിലെ താമസക്കാർക്കുള്ള പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോവളം മണ്ഡലത്തിലെ തീരദേശ വില്ലേജുകളായ പൂവാർ, കരിങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ അൺസർവേയ്ഡ് ലാൻഡിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാൻ വിജ്ഞാപനം ഇറക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | **നെയ്യാറ്റിൻകര താലൂക്കിലെ തീരദേശ വില്ലേജുകളായ പൂവാർ, കരിങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ കടൽ പുറമ്പോക്കായ അൺസർവ്വേയ്ഡ് ലാൻഡിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. ഈ പ്രദേശം സംസ്ഥാന അതിർത്തിക്ക് പുറത്തായതിനാൽ സെൻട്രൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അനുമതിയോടെ മാത്രമേ സർവ്വേ ചെയ്ത് വിജ്ഞാപനം ഇറക്കാൻ സാധിക്കൂ. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ റീസർവ്വെയോടൊപ്പം മുൻഗണന നൽകി സെൻട്രൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അനുമതിയോടെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാണ് പദ്ധതി ഇട്ടിരിക്കുന്നത്.** |

സെക്ഷൻ ഓഫീസർ